**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** — **06-02-2023 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഗ്രാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ ഗ്രീൻ ഗ്രാസ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വനമേഖലയിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് വനങ്ങളുടെ സ്വാഭാവിക അവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുന്നതിനായി 'പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ്' എന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 506/2019/വനം, തീയതി 24.12.2019 പ്രകാരം 871.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2019-20 വർഷം മുതൽ മൂന്ന് വർഷമാണ് ഈ പദ്ധതിയുടെ കാലാവധി.<br><br>വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ ഇക്കോഡവലപ്പ്മെന്റ് കമ്മറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, ടൂറിസം വകുപ്പ്, പരിസ്ഥിതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, ഗതാഗത വകുപ്പ്, ശുചിത്വമിഷൻ, വിവിധ ഏജൻസികൾ എന്നിവരുടെ പങ്കാളിത്തത്തോടെ വനമേഖലയിലെ പ്രധാന മാലിന്യ നിക്ഷേപയിടങ്ങളിലെ മാലിന്യം നീക്കുകയും, മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സൂചന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും, മാലിന്യം സ്ഥിരമായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ തുടർച്ചയായി പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | വനമേഖലയിൽ മാലിന്യം നിക്ഷേപിച്ചവർക്കെതിരെ ഗ്രീൻ ഗ്രാസ് പദ്ധതിയുടെ ഭാഗമായി നടപടി | (സി) | വനമേഖലയിൽ മാലിന്യം നിക്ഷേപിച്ചതിനെതിരെ എടുത്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | | ചേർക്കുന്നു.<br><br>കോട്ടയം-10,ഇടുക്കി-3,തൃശ്ശൂർ-2,മലപ്പുറം-4 |

സെക്ഷൻ ഓഫീസർ